# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

## 2020 മാർച്ച് 23, വൈകുന്നേരം 4.30 മണി

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം ഒന്നായി ചേർക്കുന്നു.

## ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ ഇന്ന് കണ്ണൂർ ജില്ലയിൽ ചികിത്സയിലുണ്ടായിരുന്ന ഒരാൾ ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജ് ആയതായും, പത്തനംതിട്ട ജില്ലയിൽ നിന്ന് ഒരാൾക്കും, തൃശ്ശൂർ ജില്ലയിൽ നിന്നുമുള്ള ഒരാൾക്കും കണ്ണൂർ ജില്ലയിൽ നിന്നുള്ള 5 പേർക്കും, കാസർഗോഡ് ജില്ലയിൽ നിന്നുളള 19 പേർക്കും, എറണാകുളം ജില്ലയിൽ ചികിത്സയിലുളള 02 പേർക്കും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു - ഇന്ന് 186 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 64320 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 63937 പേർ വീടുകളിലും 383 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 4291 സാമ്പിളുകൾ പരിശോധിച്ചതിൽ 2987 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുളള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. വിദേശങ്ങളിൽ നിന്നും വരുന്നവരുടെ വിശദാംശങ്ങൾ വിമാനത്താവളങ്ങളിൽ നിന്ന് ശേഖരിച്ചതിന്റെ കണക്ക് അദ്ദേഹം വ്യക്തമാക്കി. കോവിഡ് 19 രോഗം ചികിത്സിക്കാൻ സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള കിടക്കകളുടെയും, വെന്റിലേറ്ററുകളുടെയും ആംബുലൻസുകളുടെയും കണക്കുകൾ അദ്ദേഹം പറഞ്ഞു. കേരളത്തിലെ കോവിഡ് സ്ഥിരീകരിച്ചവരുടെ ഒരു വിശകലനവും അദ്ദേഹം നടത്തി. **വീടുകളിൽ നിരീക്ഷണത്തിലുള്ളവർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം.** വീടുകളിൽ നിരീക്ഷണത്തിലുള്ളവർ ഇതു പാലിക്കാതിരിക്കുന്ന പക്ഷം അവരെ കോവിഡ് കെയർ സെന്ററുകളിലേക്ക് മാറ്റണമെന്ന് അദ്ദേഹം അറിയിച്ചു. ദുബൈയിൽ നിന്നും കേരളത്തിലേക്ക് വന്നവരിൽ കൂടുതലായി രോഗം കണ്ടുവരുന്നതിനാൽ ജില്ലകളിൽ ദുബൈയിൽ നിന്നും വന്നവരുടെ പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ശേഖരിക്കണം. ദുബൈയിൽ നിന്നും വരുന്നവരിൽ എല്ലാവർക്കും രോഗബാധയുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. വിദേശരാജ്യങ്ങളിൽ നിന്നും വന്നവരെ എല്ലാവരെയും നിരീക്ഷണത്തിൽ വയ്ക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

അതിനുശേഷം ചീഫ് സെക്രട്ടറി, സെക്രട്ടറിമാരുടെ യോഗത്തിന്റെ വിശദാംശങ്ങൾ വിശദീകരിച്ചു. കേരളത്തിൽ ലോക്ഡൗൺ ഉണ്ടായാൽ അതിർത്തികൾ അടയ്ക്കുകയും അവശ്യ സർവ്വീസുകൾ നൽകുന്ന ഓഫീസുകൾ മാത്രം പ്രവർത്തിക്കുകയും വേണം. വെള്ളം, വൈദ്യുതി, ടെലികോം, ഭക്ഷ്യവസ്തുക്കൾ എന്നിവ തടസ്സമില്ലാതെ ലഭ്യമാക്കുകയും വേണം.

പ്ലാനിംഗ് ബോർഡ് മെമ്പർ ഡോക്ടർ ബി. ഇക്ബാൽ രോഗം വരാതിരിക്കാനായി നൽകേണ്ട മരുന്നുകളെപ്പറ്റി ഐ.സി.എം.ആർ. പുതിയ മാർഗ്ഗ നിർദേശങ്ങൾ പുറത്തിറക്കിയതായി യോഗത്തെ അറിയിച്ചു.

ഹൈഡ്രോക്സി ക്ലോറോക്വിൻ എന്ന മരുന്ന് കോവിഡ് 19 രോഗിയെ ചികിത്സിക്കുന്ന ആരോഗ്യ പ്രവർത്തകർക്കും അടുത്തു സമ്പർക്കം പുലർത്തുന്ന ബന്ധുക്കൾക്കും പ്രതിരോധ മരുന്നായി നൽകാവുന്നതാണ്. ഇതറിഞ്ഞതുമുതൽ കേരളത്തിൽ ഈ മരുന്നുകൾ വാങ്ങാനായി വമ്പിച്ച തിരക്കാണ്. ഈ മരുന്നുകൾ ചില പാർശ്വഫലങ്ങൾ ഉണ്ടാക്കിയെന്നിരിക്കാം. അതിനാൽ ഡോക്ടറുടെ മരുന്നു കുറുപ്പടി ഉള്ളവർക്കു മാത്രമേ ഈ മരുന്നുകൾ നൽകാൻ പാടുള്ളൂ.

കർഫ്യൂ നിലവിൽ വന്നാൽ അവശ്യ സർവ്വീസ് വകുപ്പിലെ ജീവനക്കാർക്ക് പ്രത്യേക ബാഡ്ജ് നൽകണമെന്ന് സാംസ്ക്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വി. വേണു അഭിപ്രായപ്പെട്ടു. സർക്കാർ ഓഫീസുകളിൽ അത്യാവശ്യം വേണ്ട ജീവനക്കാരെ മാത്രം എത്തിച്ചാൽ മതിയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആരോഗ്യ പ്രവർത്തകരും മറ്റും ദൂര സ്ഥലങ്ങളിൽ ഉള്ളവരുണ്ടെങ്കിൽ പൊതുഗതാഗത സംവിധാനങ്ങളില്ലാ ഞ്ഞതിനാൽ അവർക്കു ജോലിക്ക് എത്തിച്ചേരാനാകില്ല അതിനുള്ള സംവിധാനങ്ങൾ ഒരുക്കണം. ചില സംസ്ഥാനങ്ങളിൽ ഐ.ടി. വിഭാഗങ്ങളെ നിരോധനങ്ങളിൽ നിന്നും ഒഴിവാക്കാനുള്ള പ്രവണത കണ്ടു വരുന്നുണ്ട് ഇതു അനുവദിക്കാൻ പാടുള്ളതല്ല എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അവശ്യം വേണ്ടവരെ മാത്രം പ്രധാനമായും ടെലികോം, മൊബൈൽ സർവ്വീസുകൾ, ക്രിട്ടിക്കൽ സെന്ററുകൾ, ഡേറ്റ അനലറ്റിക് തുടങ്ങിയ വിഭാഗങ്ങളെ മാത്രം നിരോധനാജ്ഞയിൽ നിന്നും ഒഴിവാക്കേണ്ടതാണെന്ന് ഇലക്ട്രോണിക് ആന്റ് ഇൻഫർമേഷൻ ടെക്നോളജി പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ .ശിവശങ്കർ അഭിപ്രായപ്പെട്ടു.

കേരളത്തിൽ മൊത്തം സ്തംഭനം അനുഭവപ്പെടാൻ സാധ്യത ഉള്ളതിനാൽ തൊഴിലുറപ്പ് സ്തംഭനം ഉണ്ടാകും അതിനാൽ ക്യാഷ് ട്രാൻസ്ഫർ അനുവദിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിക്കണമെന്നും, ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിന്റെ ബുദ്ധിമുട്ടുള്ളതിനാൽ പിഴ ഒഴിവാക്കി തരണമെന്ന് കേന്ദ്രത്തോട് കൂടി അഭ്യർത്ഥിക്കണമെന്നും ലോക്കൽ സെൽഫ് ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി ശാരദ ജി. മുരളീധരൻ അഭിപ്രായപ്പെട്ടു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. ഇപ്പോഴത്തെ സാഹചര്യത്തിൽ പൂർണ്ണമായും ലോക്ഡൗൺ ചെയ്യുന്നതാവും ഉചിതം. കാസർഗോഡ് ജില്ലയിൽ ഇതു സംമ്പൂർണ്ണമായിരിക്കണം.
2. കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള പൊതുഗതാഗത സംവിധാനങ്ങൾ പൂർണ്ണമായും നിർത്തലാക്കും.
3. പ്രത്യേക ആവശ്യങ്ങൾക്ക് മാത്രം പ്രൈവറ്റ് വാഹനങ്ങൾ അനുവദിക്കാം.
4. എല്ലാവരും സാമൂഹിക അകലം പാലിക്കണം.
5. അഞ്ചു പേരിൽ അധികം കൂട്ടമായി നിൽക്കാൻ അനുവദിക്കുന്നതല്ല.
6. അവശ്യ സർവ്വീസുകളെ മാത്രം അനുവദിക്കാം.
7. മെഡിക്കൽ ഷോപ്പുകൾ രാവിലെ ഏഴു മുതൽ വൈകിട്ടു അഞ്ചു വരെ തുറന്നു പ്രവർത്തിക്കണം എന്നാൽ കാസർഗോഡ് ഇത് പകൽ പതിനൊന്നു മുതൽ വൈകിട്ട് അഞ്ചു വരെ ആയിരിക്കും.
8. ബാങ്കുകളുടെ പ്രവർത്തനം ഉച്ചയ്ക്ക് രണ്ടു വരെ ആയിരിക്കും.
9. എല്ലാ ആരാധനാലയങ്ങളിലും പൊതുജനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തണം.
10. ഉമ്ര കഴിഞ്ഞു തിരിച്ചു വന്നിട്ടുള്ളവർ എല്ലാവരും ജില്ലാ ഭരണകൂടത്തെ അറിയിക്കണം.
11. നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്ന വ്യാപാരസ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കാവുന്നതാണ്.
12. റസ്റ്റോറന്റുകൾ തുറന്നു പ്രവർത്തിക്കാൻ അനുവദിക്കും എന്നാൽ ഇവിടെ ഇരുന്ന് ഭക്ഷണം കഴിക്കാൻ അനുവദിക്കുന്നതല്ല. ഹോം ഡെലിവറി മാത്രമേ അനുവദിക്കുകയുള്ളൂ .
13. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്നവരെ 14 ദിവസം കർശനമായി നിരീക്ഷണത്തിൽ വയ്ക്കേണ്ടതാണ്.
14. കാസർഗോഡ് ജില്ലയിൽ കനത്ത നടപടി വേണ്ടിവരും. പ്രധാനമായും പോലീസ് വകുപ്പാണ് ഇതിനു മേൽ നോട്ടം വഹിക്കുന്നത്.
15. കാസർഗോഡ് ജില്ലയിൽ സ്പെഷ്യൽ ബ്രാഞ്ചിന്റെ ഒരു വിങ്ങിനെ നിയോഗിക്കണം.
16. സംസ്ഥാന അതിർത്തികൾ ഒന്നും തന്നെ അടച്ചിട്ടില്ല എന്നാൽ ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് .
17. സന്നദ്ധ സേവനം നടത്താൻ അപ്പോളോ ഹോസ്പിറ്റലിൽ നിന്നും 70 നഴ്സുമാരടങ്ങുന്ന ഒരു സംഘം കേരളത്തിലേക്ക് തിരിച്ചിട്ടുണ്ട് .

18. ഷില്ലോംഗിൽ കുടുങ്ങിയ വിദ്യാർത്ഥി സംഘം റോഡ് മാർഗ്ഗേന കേരളത്തിലേക്ക് തിരിച്ചിട്ടുണ്ട് അവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കണം.
19. ആശുപത്രി ജീവനക്കാർക്ക് താമസവും ഭക്ഷണവും ആശുപത്രികൾക്കരികിൽ തന്നെ ഒരുക്കണം.
20. പൊതുവാഹനം ഉപയോഗിക്കുന്ന അവശ്യ വകുപ്പിലെ ജീവനക്കാരെ ഓഫീസുകളിലെത്തിക്കാൻ പ്രത്യേകം വാഹനങ്ങൾ സജ്ജമാക്കണം.
21. സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് വാടകയിലും വൈദ്യുതി ചാർജ്ജിലും ഒരു മാസത്തെ ഇളവു നൽകണമെന്ന് വ്യാപാരികളുമായി ഇന്നു നടന്ന യോഗത്തിൽ അവർ ആവശ്യം ഉന്നയിച്ചിരിന്നു അത് അനുവദിക്കാവുന്നതാണ്.
22. ഇംഗ്ലീഷ് മരുന്നുകൾ നിർമ്മിക്കാനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ കുറവുണ്ടോ എന്ന് പരിശോധിക്കണം.

യോഗം വൈകിട്ട് അഞ്ചരയോടെ അവസാനിച്ചു.